പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 354 — 12.01.2021 -ൽ മറുപടിക്ക്

## ഭക്ഷ്യധാന്യ കിറ്റ് വിതരണം

| ചോദ്യം<br>ശ്രീ. പി. കെ. ബഷീർ | മറുപടി<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോവിഡ് മഹാമാരിയെത്തുടർന്ന് സംസ്ഥാനത്ത് റേഷൻ കാർഡുടമകൾക്ക് ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തിരുന്നോ ; | (എ) ചെയ്തിരുന്നു. |
| (ബി) എങ്കിൽ ഓരോ മാസവും നൽകിയ കിറ്റ്, അതിൽ ഉൾപ്പെട്ട ഭക്ഷ്യധാന്യത്തിന്റെ ഓരോന്നിന്റെയും അളവ്, മാർക്കറ്റ് വില, കിറ്റിന്റെ സഞ്ചി ഉൾപ്പെടെയുള്ളവയുടെ വില വിവരങ്ങൾ അടങ്ങിയ വിശദാംശം വെളിപ്പെടുത്തുമോ ;<br>(സി) സംസ്ഥാനത്ത് മൊത്തത്തിൽ ഉള്ള റേഷൻ കാർഡുടമകൾ എത്രയാണ്; അവരിൽ എത്ര കാർഡുടമകൾക്കാണ് കിറ്റ് വിതരണം ഓരോതവണയും നടത്തുന്നത്? വെളിപ്പെടുത്തുമോ | (ബി) & (സി) സംസ്ഥാനത്ത് നിലവിൽ 8938010 റേഷൻ കാർഡുകളാണ് ഉളളത്. കോവിഡ് അതിജീവന കിറ്റുകൾ 84.90 ലക്ഷം കുടുംബങ്ങൾക്കും ഓണക്കിറ്റുകൾ 83.72 ലക്ഷം കുടുംബങ്ങൾക്കും സെപ്റ്റംബർ മാസകിറ്റുകൾ 83.91 ലക്ഷം കുടുംബങ്ങൾക്കും ഒക്ടോബർ മാസകിറ്റുകൾ 83.68 ലക്ഷം കുടുംബങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ട്. നവംബർ, ഡിസംബർ മാസങ്ങളിൽ ശരാശരി 84 ലക്ഷം കിറ്റുകൾ വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വിതരണം ചെയ്ത ഭക്ഷ്യധാന്യത്തിന്റെ അളവും വിലയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) ഓണത്തിനും മറ്റും വിതരണം ചെയ്ത കിറ്റിൽ ഉൾപ്പെട്ട ശർക്കര, പപ്പടം എന്നിവ നിലവാരം കുറഞ്ഞതാണെന്ന് കണ്ടെത്തിയിരുന്നോ; എങ്കിൽ ആയത് നൽകിയ ഏജൻസി ആരാണെന്നും അവർക്കെതിരിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ | (ഡി) ഓണത്തിന് വിതരണം ചെയ്ത കിറ്റിൽ ഉൾപ്പെട്ട ശർക്കര, പർപ്പടകം എന്നിവ നിലവാരം കുറഞ്ഞതാണെന്ന് കണ്ടെത്തിയിരുന്നു. ശർക്കര വിതരണം ചെയ്ത നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കോഴിക്കോട്, അരുണാചല ഇംപെക്സ് പ്രൈവറ്റ് ലിമിറ്റഡ് ചെന്നൈ, ബാൽസൺ എന്റർപ്രൈസസ് കോഴിക്കോട്, എ.വി.എൻ. ട്രേഡ് വെഞ്ചേഴ്സ് ഈറോഡ്, മാർക്കറ്റ് ഫെഡ് കൊച്ചി, കോന്നുപ്പറമ്പൻ ട്രേഡേഴ്സ് തൃശ്ശൂർ എന്നീ കമ്പനികളുടെ ഗുണനിലവാര വ്യതിയാനമുളള സ്റ്റോക്കിന്റെ വില തടഞ്ഞുവയ്ക്കുകയും ഒരു വർഷത്തേയ്ക്ക് ഇവരിൽ നിന്നും ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നതിന് വിലക്ക് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ കോന്നുപ്പറമ്പൻ ട്രേഡേഴ്സ് തൃശ്ശൂർ ഹൈക്കോടതിയിൽ റിട്ട് ഹർജി നല്കിയതിനെ തുടർന്ന് ടി കമ്പനിക്ക് പർച്ചേസ് ഓർഡർ |

നല്കിയിട്ടുണ്ട്. പർപ്പടകം. വിതരണം ചെയ്ത തിരുവനന്തപുരത്തെ ഹഫ്സർ ട്രേഡിംഗ് കമ്പനിയുടെ ഗുണനിലവാര വ്യതിയാനമുള്ള സ്റ്റോക്കിന്റെ വില തടഞ്ഞുവയ്ക്കുകയും മൂന്ന് മാസത്തേയ്ക്ക് ഇവരിൽ നിന്നും ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിന് വിലക്ക് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ കമ്പനികളിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

| | | |
|---|---|---|
| (ഇ) | കിറ്റ് വിതരണത്തിനായി ഓരോ തവണയും എത്ര തുകയാണ് ചെലവായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഇ) ലോക്ഡൗൺ കാലത്ത് അതിജീവന കിറ്റ് വിതരണം ചെയ്യുന്നതിനായി 756 കോടി രൂപയും ഓണക്കിറ്റ് വിതരണത്തിനായി 440 കോടി രൂപയും അനുവദിച്ചിരുന്നു. തുടർന്ന് സെപ്റ്റംബർ മുതൽ ഡിസംബർ വരെ മാസങ്ങളിലായി കിറ്റ് വിതരണം ചെയ്യുതിനും ലോക്ഡൗൺ കാലത്ത് കിറ്റ് വിതരണം നടത്തിയതിന്റെ കടിശ്ശിക തുകയും ഉൾപ്പെടെ 1649.79 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 2845.79 കോടി രൂപയാണ് കിറ്റ് വിതരണത്തിനായി സപ്ലൈകോയ്ക്ക് നാളിതുവരെ അനുവദിച്ചിട്ടുള്ളത് |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

### I. കോവിഡ് അതിജീവനക്കിറ്റുകളിലെ ഇനങ്ങൾ (ഏപ്രിൽ-മെയ്)

| ക്രമ നമ്പർ | ഇനം | അളവ് | പൊതു വിപണി വില (രൂപ) |
|---|---|---|---|
| 1. | ഉപ്പ് | 1 കി.ഗ്രാം | 12.00* |
| 2. | പഞ്ചസാര | 1 കി.ഗ്രാം | 41.00 |
| 3. | ചെറുപയർ | 1 കി.ഗ്രാം | 128.77 |
| 4. | കടല | 1 കി.ഗ്രാം | 81.54 |
| 5. | വെളിച്ചെണ്ണ | ½ ലിറ്റർ | 102.00* |
| 6. | തേയില | 250 ഗ്രാം | 53.75* |
| 7. | ആട്ട | 2 കി.ഗ്രാം | 110.00** |
| 8. | റവ / നുറുക്ക് ഗോതമ്പ് | 1 കി.ഗ്രാം | 62.00** |
| 9. | മുളക്പൊടി | 100 ഗ്രാം | 26.00* |
| 10. | മല്ലിപ്പൊടി | 100 ഗ്രാം | 18.00* |
| 11. | തുവരപ്പരിപ്പ് | 250 ഗ്രാം | 25.80 |
| 12. | മഞ്ഞൾപൊടി | 100 ഗ്രാം | 20.50* |
| 13. | ഉലുവ | 100 ഗ്രാം | 9.85 |
| 14. | കടുക് | 100 ഗ്രാം | 9.46 |
| 15. | സോപ്പ് (Washing / Bathing) (Selling Rate less than or equal to 22/- per each) | 2 എണ്ണം | 30.00** |
| 16. | സൺഫ്ലവർഓയിൽ | 1 ലിറ്റർ | 123** |
| 17. | ഉഴുന്ന് | 1 കി.ഗ്രാം | 125.00 |
| 18. | തുണിസഞ്ചി | 1 എണ്ണം | `15 - `20 |

* ശബരി ബ്രാൻഡിലുള്ള ഇതേ ഇനത്തിന്റെ MRP

** FMCG കമ്പനികൾ വിതരണം ചെയ്യുന്ന ഇനത്തിന്റെ MRP

മറ്റു വിലകൾ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പൊതു വിപണി വില ബുള്ളറ്റിൻ പ്രകാരം

### II. ഓണക്കിറ്റ് 2020 ലെ ഇനങ്ങൾ (എല്ലാ റേഷൻ കാർഡുടമകൾക്കും)

| ക്രമ നമ്പർ | ഇനം | അളവ് | പൊതു വിപണി വില (രൂപ) * |
|---|---|---|---|
| 1. | പഞ്ചസാര | 1 കിലോ ഗ്രാം | 39.36 |
| 2. | ചെറുപയർ/ വൻപയർ | 500 ഗ്രാം | 57.60 |
| 3. | ശർക്കര | 1 കിലോ ഗ്രാം | 92.75 |
| 4. | മുളകപൊടി | 100 ഗ്രാം | 26.00 |
| 5. | മല്ലിപ്പൊടി | 100 ഗ്രാം | 18.50 |
| 6. | മഞ്ഞൾപ്പൊടി | 100 ഗ്രാം | 21.50 |
| 7. | സാമ്പാർപൊടി | 100 ഗ്രാം | 31.50 |
| 8. | വെളിച്ചെണ്ണ (500 മി.ലി.) അല്ലെങ്കിൽ സൺഫ്ലവർഓയിൽ (1 ലിറ്റർ) | 500 മി.ലിറ്റർ/ 1 ലിറ്റർ | 102.00 |

| | | | |
|---|---|---|---|
| 9. | പപ്പടം | ഒരു പാക്കറ്റ് (12 എണ്ണം) | 20.00 |
| 10. | സേമിയ / പാലട | ഒരു പാക്കറ്റ് | 35.00 |
| 11. | ഗോതമ്പ് നുറുക്ക് | 1 കിലോ ഗ്രാം | 62.00 |
| 12. | സഞ്ചി | 1 | `15-`20 |

*ഏകദേശ മാർക്കറ്റ് വില

## III. 2020 സെപ്റ്റംബർ മുതൽ നവംബർ വരെയുള്ള മാസങ്ങളിലെ കിറ്റുകളിലെ ഇനങ്ങൾ

| ക്രമ നമ്പർ | ഇനം | അളവ് | പൊതു വിപണി വില (രൂപ) |
|---|---|---|---|
| 1. | കടല | 750 ഗ്രാം | 60.75 |
| 2. | പഞ്ചസാര | 1 കി.ഗ്രാം | 38.64 |
| 3. | ആട്ട | 1 കി.ഗ്രാം | 55.00** |
| 4. | വെളിച്ചെണ്ണ | ½ ലിറ്റർ | 110.00* |
| 5. | മുളകുപൊടി | 100 ഗ്രാം | 26.00* |
| 6. | ഉപ്പ് | 1 കി.ഗ്രാം | 12.00* |
| 7. | ചെറുപയർ | 750 ഗ്രാം | 86.00 |
| 8. | തുവരപ്പരിപ്പ് | 250 ഗ്രാം | 29.15 |
| 9. | തുണിസഞ്ചി | 1 എണ്ണം | `15-`20 |

* ശബരി ബ്രാൻഡിലുള്ള ഇതേ ഇനത്തിന്റെ MRP

** FMCG കമ്പനികൾ വിതരണം ചെയ്യുന്ന ഇനത്തിന്റെ MRP

മറ്റു വിലകൾ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പൊതു വിപണി വില ബുള്ളറ്റിൻ പ്രകാരം

## IV. 2020 ഡിസംബർമാസ കിറ്റിലെ ഇനങ്ങൾ

| ക്രമ നമ്പർ | ഇനം | അളവ് | പൊതു വിപണി വില (രൂപ) |
|---|---|---|---|
| 1. | പഞ്ചസാര | 500 ഗ്രാം | 19.10 |
| 2. | കടല | 500 ഗ്രാം | 41.82 |
| 3. | ചെറുപയർ | 500 ഗ്രാം | 57.43 |
| 4. | ഉഴുന്ന് | 500 ഗ്രാം | 62.10 |
| 5. | തുവരപരിപ്പ് | 250 ഗ്രാം | 28.60 |
| 6. | നുറുക്ക് ഗോതമ്പ് | 1 കിലോ ഗ്രാം | 62.00** |
| 7. | തേയില | 250 ഗ്രാം | 75.00* |
| 8. | മുളക്പൊടി | 250 ഗ്രാം | 68.00** |
| 9. | വെളിച്ചെണ്ണ | ½ ലിറ്റർ | 110.00* |
| 10. | തുണിസഞ്ചി | 1 എണ്ണം | `15-`20 |

* ശബരി ബ്രാൻഡിലുള്ള ഇതേ ഇനത്തിന്റെ MRP

** FMCG കമ്പനികൾ വിതരണം ചെയ്യുന്ന ഇനത്തിന്റെ MRP

മറ്റു വിലകൾ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പൊതു വിപണി വില ബുള്ളറ്റിൻ പ്രകാരം

സെക്ഷൻ ഓഫീസർ